ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/202/2026-C2 (ACA) തീയതി: 19-01-2026

**പരിപത്രം**

വിഷയം:- സാങ്കേതികം വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ -കാര്യാലയം - അക്കാദമിക് സെക്ഷൻ പോളിടെക്നിക് കോളേജുകളിലേക്ക് ആവശ്യമുള്ള യൂണിഫോം തുണിത്തരങ്ങൾ ഹാൻവീവിൽ നിന്നും വാങ്ങുന്നത് - സംബന്ധിച്ച്

സൂചന :- 1.കേരള സ്റ്റേറ്റ് ഹാൻഡ് ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ കത്ത് നം. KSHDC/M-യൂണിഫോം /2025-26/253 തീയതി. 24.12.2025.
2.03.08.2025 തീയതിയിലെ ഈ ഓഫീസിലെ C2/15397/19/DTE നമ്പർ സർക്കുലർ.

മേൽ സൂചന (1) പ്രകാരം കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് പരമ്പരാഗത കരകൗശലം പ്രോൽസാഹിപ്പിക്കുന്നതിൻറെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോം തുണിത്തരങ്ങൾ നേരിട്ട് വാങ്ങുന്നതിനുള്ള സൗകര്യം കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുണ്ട് എന്നും ടി സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് അറിയിച്ചിരുന്നു. ഗുണ മേന്മയാർന്ന യൂണിഫോം ഉത്പന്നങ്ങൾ മിതമായ നിരക്കിൽ ഹാൻവീവ് വിപണനം ചെയ്യുന്നുണ്ട് എന്നും 2025-26 വർഷത്തിൽ ടി വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളുടെ യൂണിഫോം തുണിത്തരങ്ങൾക്കുള്ള ഓർഡർ ഹാൻവീവ് നു നല്കിയാൽ ആയത് വിദ്യാർഥികൾക്ക് ലഭ്യമാക്കാൻ സാധിയ്ക്കും എന്നറിയിച്ചിരിക്കുന്നു. മേൽ വിവരം എല്ലാ പോളിടെക്നിക് കോളേജ് സ്ഥാപനമേധാവികളെയും അറിക്കുന്നു.

Shibu R S
DEPUTY DIRECTOR GENERAL

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shibu R S
Date: 19-01-2026 09:16:43